**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2984** **07-10-2025 - ൽ മറുപടിയ്ക്ക്**

**തിരുവമ്പാടി മണ്ഡലത്തിലെ ഫെൻസിംഗ് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവമ്പാടി മണ്ഡലത്തിലെ വനാതിർത്തികളിൽ ഫെൻസിംഗിനായി വിവിധ സ്കീമുകളിലായി എത്ര പദ്ധതികൾ അനുവദിച്ചുവെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ; | (എ) | തിരുവമ്പാടി മണ്ഡലത്തിലെ വനാതിർത്തികളിൽ ഫെൻസിംഗിനായി വിവിധ സ്കീമുകളിലായി താഴെ പറയുന്ന പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.<br>1. NABARD-RIDF-TRANCHE-XXIX പദ്ധതിയിൽപ്പെടുത്തി 12 കി. മീറ്റർ ദൂരത്തിൽ നിർമ്മിക്കുന്ന സോളാർ പവ്വർ ഫെൻസിംഗ്.<br><br>2. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ആർ.കെ.വി.വൈ സ്കീമിൽപ്പെടുത്തി 16 കി. മീറ്റർ ദൂരത്തിൽ സ്ഥാപിക്കുന്ന ഹാങ്ങിംങ്ങ് സോളാർ ഫെൻസിംഗ്.<br><br>3. ബഹു: തിരുവമ്പാടി എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 88 ലക്ഷം രൂപ ചെലവിൽ 11 കി. മീറ്റർ ദൂരത്തിലുള്ള ഹാങ്ങിംഗ് സോളാർ ഫെൻസിംഗ്. |
| (ബി) | പ്രസ്തുത പദ്ധതികളിൽ ഓരോന്നിന്റെയും പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ? | (ബി) | 1. NABARD-RIDF-TRANCHE-XXIX- പദ്ധതിയിൽപ്പെടുത്തി 12 കി. മീറ്റർസോളാർ പവ്വർ ഫെൻസിംഗ് പ്രവൃത്തിയിൽ 4 കി.മീ. പൂർത്തിയായിട്ടുണ്ട്.<br><br>2. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് ആർ.കെ.വി.വൈ സ്കീമിൽപ്പെടുത്തി സ്ഥാപിക്കുന്ന ഹാങ്ങിംങ്ങ് സോളാർ ഫെൻസിംഗ് പ്രവൃത്തി 60 ശതമാനം പൂർത്തീകരിച്ചു.<br><br>3. ബഹു: തിരുവമ്പാടി എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 88 ലക്ഷം രൂപ ചെലവിൽ 11 കി. മീറ്റർ ദൂരത്തിലുള്ള ഹാങ്ങിംഗ് സോളാർ ഫെൻസിംഗ് പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. സാങ്കേതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് . ആയതു ലഭ്യമായി ഉടനെ തന്നെ പ്രവർത്തി ആരംഭിക്കുവാൻ സാധിക്കും |

സെക്ഷൻ ഓഫീസർ